എമ്മാവൂസ്

# വചനമുത്ത്

Vol.27 / Issue - 42 / 14 April 2017

## ദുഃഖവെള്ളി




ബ്ര. വിനോയ് കുത്തുകല്ലുങ്കൽ

നാസി കോൺസൺട്രേഷൻ ക്യാമ്പിൽ തടവറയിൽ കഴിഞ്ഞിരുന്ന ഒരു മനുഷ്യൻ എല്ലാ ദിവസവും ഡയറി എഴുതുമായിരുന്നു. ദിവസത്തിന്റെ അവസാനം കിടക്കുന്നതിനുമുമ്പ് താൻ അനുഭവിച്ച വേദനകളും സഹനങ്ങളും ഒരു ചിത്രം കണക്കേ അദ്ദേഹം ഡയറിയിൽ കുറിച്ചിടുമായിരുന്നു. എന്നാൽ ഒരു ദിവസം ആ ഡയറി എഴുത്ത് നിലച്ചു. കാലങ്ങൾക്കു ശേഷം എന്തുകൊണ്ടാണ് താങ്കൾ ആ ദിവസം മുതൽ ഡയറി എഴുത്ത് നിറുത്തിയതെന്ന് അതു ശ്രദ്ധിച്ച ഒരു പത്രപ്രവർത്തകൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം അതിന് മറുപടി പറഞ്ഞു. "അന്ന് ആദ്യമാണ് ഞാൻ ക്രിസ്തുവിന്റെ സഹനത്തെയും കുരിശുമരണത്തെയും കുറിച്ച് കേൾക്കുന്നത്. അതിനുശേഷം ഞാൻ സഹനത്തിന്റെ ഡയറി എഴുതിയിട്ടില്ല. കാരണം അവന്റെ സഹനങ്ങളോട് തുലനം ചെയ്യുമ്പോൾ എന്റെ വേദനകൾ വെറും നിസ്സാരമെന്ന് ഞാൻ തിരിച്ചറിഞ്ഞു." അന്തവും അർത്ഥവുമില്ലാത്ത എല്ലാ സഹനങ്ങൾക്കുമുള്ള ഉത്തരമാണ് ദുഃഖവെള്ളി. കാരണം രക്ഷിക്കാൻ വന്നവന്റെ കരങ്ങളും കാലുകളും കുരിശിൽ ചേർത്ത് തറച്ച് കൊന്നതിന്റെ ഓർമ്മപുതുക്കലാണ് ദുഃഖവെള്ളി. ഒപ്പം ഇതൊരു നല്ല വെള്ളിയുമാണ്. കാരണം രക്ഷകനെ തിരിച്ചറിയാതെ കുരിശിൽ തറച്ചുകൊന്നെങ്കിലും ഈ ലോകത്തെയും ലോകത്തിലുള്ളവരെയും അഗാധമായി സ്നേഹിക്കുന്ന ദൈവം തന്റെ പുത്രന്റെ മരണം വഴി ലോകത്തിനും നമുക്ക് ഓരോരുത്തർക്കും രക്ഷ നേടിത്തന്ന ദിനമാണ് ഇന്ന്.

നവലോകത്തിനു സ്നേഹത്തിന്റെ യഥാർത്ഥ മാതൃകയേകാൻ, ദൈവീക മൂല്യങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും വില കൽപ്പിക്കാത്തവർക്കും വെല്ലുവിളിയായി ഇതാ വീണ്ടും ഒരു ദുഃഖവെള്ളി. മാനുഷിക മൂല്യങ്ങളും ദൈവീക മൂല്യങ്ങളും മനുഷ്യനിൽ

തിരികെ കൊണ്ടുവരുവാൻ, പഴയ മനുഷ്യനെ പുതിയ മനുഷ്യനാക്കാൻ, സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ യഥാർത്ഥ മഹത്വം മനുഷ്യനെ തന്നെ തുറന്നു കാട്ടാൻ, അവന്റെ പാപപ്രവൃത്തികളിൽ പശ്ചാത്താപം നിറക്കാൻ ദൈവമകൻ കുരിശിൽ തൂങ്ങിയ ഈ ദിവസമല്ലാതെ മറ്റേതു ദിവസമാണ് ഏറ്റവും യുക്തമായത്. അതെ, ദുഃഖവെള്ളി ഇന്നത്തെ മനുഷ്യകുലത്തിന് വലിയ ഒരു തിരിച്ചു വരവിന്റേയും തിരിഞ്ഞു നോട്ടത്തിന്റേയും അവസരമാണ്.

സമീപകാലത്തു സോഷ്യൽ മീഡിയയിൽ നിറഞ്ഞു നിന്നിരുന്ന ഒരു വീഡിയോ ഉണ്ടായിരുന്നു. അതും ധാരാളം പേരെ ചിന്തിപ്പിക്കുകയും കരയിക്കുകയും ചെയ്തു. അംഗവൈകല്യം ഉള്ള കുട്ടികളുടെ ഓട്ടമത്സരം നടക്കുകയാണ്. മത്സരത്തിൽ പങ്കെടുക്കാനുള്ളവർ സ്റ്റാർട്ടിംങ് പോയിന്റിന്റെ അടുത്ത് റെഡിയായി നിൽക്കുന്നു. മത്സരം തുടങ്ങി. കുട്ടികൾ മുന്നോട്ട് കുതിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് തന്നെ ഒരു കുട്ടി ഫിനിഷിംങ് പോയിന്റിന്റെ തൊട്ടുമുമ്പ് വീഴുന്നു. ബാക്കിയുള്ളവർ മത്സരം നിർത്തി. വീണുകിടക്കുന്ന കുട്ടിയുടെ അടുത്ത് വന്ന് അവനെ എഴുന്നേൽപ്പിക്കുന്നു. അങ്ങനെ അവർ എല്ലാവരും ഒരുമിച്ചു മത്സരം പൂർത്തിയാക്കുന്നു. ഇങ്ങനെയാണ് ആ വീഡിയോ അവസാനിക്കുക. സ്വന്തം നേട്ടങ്ങളെക്കാൾ, സ്ഥാനമാനങ്ങളെക്കാൾ വലുതായി അപരന്റെ, വേദനയിൽ പങ്കുചേരുമ്പോൾ അവന് ആശ്വാസമേകുമ്പോൾ ദൈവസ്നേഹത്തിന് പിൻതുടർച്ചാവകാശികളായി നമ്മളും മാറുന്നു. കാരണം ദൈവസ്നേഹം പങ്കുവയ്ക്കലിലും മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതാകലിലുമാണല്ലോ.

ഇവിടെ ആ പിഞ്ചുകുട്ടികൾ കാണിച്ച സ്നേഹം നമ്മിലും നമുക്കു ചുറ്റുമുള്ളവരിലും ഉണ്ടായിരുന്നെങ്കിൽ. ഇവിടെ കുറ്റകൃത്യങ്ങൾ ഉണ്ടാകുമായിരുന്നില്ല. പരസ്പരം ജീവനെ നശിപ്പിക്കുമായിരുന്നില്ല. സ്വന്തം സഹോദരന്റെ കാവൽക്കാരനാകേണ്ടവൻ അന്തകനാകുന്ന കാഴ്ച കാണില്ലായിരുന്നു. അതെ ലോകം ഇനിയും നന്നായിട്ടില്ല. ഈശോയുടെ കളങ്കമില്ലാത്ത സ്നേഹത്തിന് വില നൽകാത്ത മനുഷ്യകുലത്തിന് എന്നും ദുഃഖവെള്ളി ഒരു തീരാദുഃഖമാണ്. സ്വരക്ഷകനെ മനസ്സിലാക്കാത്ത ജനതയുടെ ദുഃഖം.

പരാജയത്തിന്റെയും പാപത്തിന്റെയും പടുകുഴിയിൽ വീണവർക്ക് തിരിച്ചുവരവിനുള്ള ദിനമാണ്. കാരണം നിന്നെ രക്ഷിക്കുവാൻ നിനക്കുവേണ്ടി ഒരു ദൈവപുത്രൻ കുരിശിൽ മരിച്ചിരിക്കുന്നു. എങ്കിൽ, തിരിച്ചുകയറാൻ സമയം ആയിരിക്കുന്നു. കുരിശെടുത്ത് ഇടുങ്ങിയ വാതിലിലൂടെ കടന്നാൽ മാത്രമേ നിന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ അടുക്കലെത്താൻ സാധിക്കുകയുള്ളൂ. കാൽവരി സ്നേഹത്തിന്റെ പൂർത്തീകരണം നമ്മിലൂടെ വീണ്ടും നടന്നാൽ മാത്രമേ വീണ്ടുമൊരുയിർപ്പിന്റെ അനുഭവം നമ്മുടെ ജീവിതത്തിലുണ്ടാവുകയുള്ളൂ. അതിനാൽ ക്രൂശിതനായവന്റെ മുന്നിൽ നമ്മുടെ മുട്ടുകൾ മടക്കാം. എനിക്കുവേണ്ടി മരിച്ച നാഥാ നിന്നെ സഹായിച്ച ശിമയോനെ പോലെ മറ്റുള്ളവരെ കഴിയുന്നവിധത്തിൽ സഹായിക്കാൻ സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേയെന്ന്. അങ്ങനെ കാൽവരികുന്നിലെ കാരുണ്യം നമ്മിലോരോരുത്തരിലൂടെ ഒഴുകി ലോകം മുഴുവനും നിറയട്ടെ. ◆

